LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രഭരണ പ്രദേശമായ മാഹി, അയൽസംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ, തമിഴ്നാട്, തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിൽക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യവും അയൽ സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റും കേരളത്തിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കള്ളക്കടത്ത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്.

വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം വകുപ്പ് നടത്തിവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹനപരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ക്വെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതയിലും മറ്റ പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും വ്യാജമദ്യത്തിന്റെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും വ്യാജമദ്യ വില്പനക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

ധനമുഖ വകുപ്പിന് അനുവദിച്ച പദ്ധതികൾ

157 (1984) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ ധനമുഖ വകുപ്പിന് പ്രഖ്യാപിച്ച പുതിയ പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്രയെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷം പൂർത്തിയാകാത്ത പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർന്ന് ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം വകയിരുത്തപ്പെട്ടു ; എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര തുക വീതം അവശേഷിച്ചിരുന്നുവെന്നും ; വ്യക്തമാക്കാമോ ;

(സി) അവയിൽ ഇനിയും പൂർണ്ണമായും നടപ്പിലാകാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) തുറമുഖ വകുപ്പ് :

2013-14-ലെ ബഡ്ജറ്റിൽ തുറമുഖ വകുപ്പിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

നമ്പർ	പദ്ധതികൾ	അനുവദിച്ച തുകയിൽ (രൂപയിൽ)	സറണ്ടർ ചെയ്ത തുക (രൂപയിൽ)
1	സമുദ്രതീര വ്യാവസായികവികസനം (3051-02-001-89)	40 ലക്ഷം	40 ലക്ഷം
2	ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (3051-02-005-99)	65 ലക്ഷം	65 ലക്ഷം

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

2013-14-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ:

1	ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും [മറൈൻ സർവ്വെയർ ഓഫീസ്, കൊല്ലം]	20 ലക്ഷം	20 ലക്ഷം

(ബി) തുറമുഖ വകുപ്പ്- പദ്ധതികൾ :

(I) സമുദ്രതീര വ്യാവസായിക വികസനം 3051-02-001-89

നമ്പർ	വർഷം	വകയിരുത്തിയ തുക	അനുവദിച്ച തുക	ചെലവ്	ബാക്കി
1	2014-15	70 ലക്ഷം	70 ലക്ഷം	12.13 ലക്ഷം	57.87 ലക്ഷം
2	2015-16	25 ലക്ഷം	25 ലക്ഷം	2.87 ലക്ഷം	22.13 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

II) ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ 3051-02-005-99

2014-15 വർഷത്തിലും 2015-16 വർഷത്തിലും തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് :

ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും (മറൈൻ സർവ്വെയർ ഓഫീസ്, കൊല്ലം).

നമ്പർ	വർഷം	അനുവദിച്ച തുക	ബാക്കി
1	2014-15	20 ലക്ഷം	...
2	2015-16	60 ലക്ഷം	60 ലക്ഷം

(സി) തുറമുഖ വകുപ്പ്- 3051-02-001-89

'സമുദ്രതീര വ്യവസായ വികസനം' പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്

ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും :

കൊല്ലം മറൈൻ സർവ്വേയർ ഓഫീസ് നിർമ്മാണവും വിപുലീകരണവും ഇപ്പോഴും നടന്നുവരുന്നു.

തുറമുഖ വകുപ്പിനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുമായി പ്രഖ്യാപിച്ച പദ്ധതികൾ

158 (1985) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ തുറമുഖ വകുപ്പിനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിക്കപ്പെട്ടത് ;

(ബി) ഇവയ്ക്കോരോന്നിനും എത്ര തുക വീതം വകയിരുത്തപ്പെട്ടു ; എത്ര തുക വീതം അനുവദിച്ചു ; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിച്ചു ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly